"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - ചുവടുകൾ പദ്ധതി - കുട്ടികളിലെ Development Delay കണ്ടെത്തുന്നതിനായി വനിത ശിശു വികസന വകുപ്പ് ആരോഗ്യവകുപ്പുമായി സംയോജിച്ച് ഇരു വകുപ്പുകളിലേയും ഉദ്യോഗസ്ഥർക്ക് സംസ്ഥാനതല പരിശീലനം സംഘടിപ്പിക്കുന്നതിനു തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.57/2026/WCDD തീയതി,തിരുവനന്തപുരം, 05-02-2026

---

പരാമർശം:- 1. വനിത ശിശു വികസന ഡയറക്ടറുടെ 02/02/2026 തീയതിയിലെ DWCD/2406/2024-ICDS A5 നമ്പർ കത്ത്.

**ഉത്തരവ്**

ഓരോ കുഞ്ഞിന്റെയും ജനന ശേഷം വളർച്ചയുടെയും ബുദ്ധിവികാസത്തിന്റെയും നാഴികകല്ലുകൾ കുഞ്ഞുങ്ങളിൽ ശരിയായ രീതിയിലാണോ നടക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതുണ്ട് . ഒരു കുട്ടി അമ്മയുടെ ഗർഭപാത്രത്തിൽ വളരുന്ന സമയം മുതൽ അമ്മയോടും, ജനനശേഷം കുട്ടിയോടും അടുത്തിടപഴകുന്നതിനു വകുപ്പിലെയും ആരോഗ്യവകുപ്പിലെയും field level functionariesന് കഴിയുന്നു . കുട്ടികളിലെ ഭിന്നശേഷിത്വത്തിന്റെ സാധ്യത മുൻകൂട്ടി തിരിച്ചറിയാൻ കഴിഞ്ഞാൽ കുട്ടിയെ യഥാസമയം ചികിത്സക്കായി ആരോഗ്യവകുപ്പിലേക്ക് റെഫർ ചെയ്യുവാനും തുടർന്നുള്ള ഘട്ടങ്ങളിൽ പിന്തുണ നൽകി കുട്ടികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും അവരുടെ അന്തർലീനമായ കഴിവുകൾ പൂർണ്ണമായി വികസിപ്പിക്കുന്നതിനും സഹായകരമാകും.

(2) ആരോഗ്യവകുപ്പുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ 6 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളിലെ Development delay കണ്ടെത്തുന്നതിനായി ആരോഗ്യവകുപ്പുമായി സംയോജിച്ച് രണ്ടു വകുപ്പുകളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും , ആയതിനായി സംസ്ഥാന-ജില്ലാതലത്തിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ചുവടെ പറയുന്ന രീതിയിൽ പരിശീലനം നൽകുന്നതിന് ആരോഗ്യവകുപ്പ് മുഖേന തയ്യാറാക്കിയ വീഡിയോകൾ ഉപയോഗപ്പെടുത്താവുന്നതാണെന്നും വനിത ശിശു വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

- വനിതശിശുവികസന വകുപ്പിൽ നിന്നും ജില്ലാടിസ്ഥാനത്തിൽ പ്രോഗ്രാം ഓഫീസർ , രണ്ട് സിഡിപിഒ/സൂപ്പർവൈസർ (ആകെ 3 പേർ) എന്നിവരും ആരോഗ്യ വകുപ്പിൽ നിന്നും RCH ഓഫീസർ, ജില്ല RBSK Coordinator, ഒരു RBSK Nurse (ആകെ 3 പേർ) എന്നിവരും ഉൾപ്പെടെ 14 ജില്ലകളിൽ നിന്നും ആകെ 84 പേരെ ഉൾപ്പെടുത്തി സംസ്ഥാന തല ട്രെയിനിംഗ് സംഘടിപ്പിക്കാവുന്നതാണ്.
- ട്രെയിനിംഗ് ലഭിച്ചവരെ ഉൾപ്പെടുത്തി State Resource Group രൂപീകരിക്കുകയും, പ്രസ്തുത

ഗ്രൂപ്പ് സംസ്ഥാന-ജില്ലാതല Help Desk ആയി പ്രവർത്തിക്കുകയും ചെയ്യുന്നു.

- ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും ഇത് സംബന്ധിച്ചിട്ടുള്ള തുടർ പരിശീലനങ്ങൾ ആരോഗ്യവകുപ്പ് മുഖേന നൽകുന്നതാണ്. ICDS ന്റെ പ്രോജക്ട് തല മീറ്റിംഗ്, സെക്ടർതല മീറ്റിംഗ് എന്നിവ നടക്കുമ്പോൾ ആരോഗ്യവകുപ്പിലെ RBSK നേഴ്സുമാരുടെ സഹായത്തോടെ പരിശീലനം സിദ്ധിച്ച ICDS സൂപ്പർവൈസർമാർ ആരോഗ്യവകുപ്പ് തയ്യാറാക്കിയിട്ടുള്ള വീഡിയോകൾ ഉപയോഗിച്ച് അങ്കണവാടി വർക്കേഴ്സിന് പരിശീലനം നൽകുന്നതാണ്.
- പരിശീലനം ലഭിച്ച അങ്കണവാടി വർക്കർമാർ ആരോഗ്യവകുപ്പിൽ നിന്നും ലഭ്യമാകുന്ന Red flag sign ചെക്ക് ലിസ്റ്റ് ഉപയോഗിച്ച് അങ്കണവാടി തലത്തിൽ എല്ലാ 6 വയസ്സ് വരെയുള്ള കുട്ടികളെയും ആദ്യ ഘട്ട surveillance സക്രീനിംഗ് നടത്തുന്നു.
- ആദ്യ ഘട്ട surveillance സക്രീനിംഗിൽ തുടർപരിശോധന ആവശ്യമുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം RBSK nurseന്റെ പരിശോധനയ്ക്ക് വിധേയമാകുകയും ആവശ്യമെങ്കിൽ ഇടപെടലുകൾക്കായി ആരോഗ്യവകുപ്പിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്താവുന്നതുമാണ്.
- എല്ലാ മാസവും ഇങ്ങനെ റെഫർ ചെയ്ത കുഞ്ഞുങ്ങളുടെയും തുടർ ചികിത്സ ആവശ്യമായി വന്ന കുഞ്ഞുങ്ങളുടെയും data ശേഖരിക്കുകയും ആരോഗ്യവകുപ്പുമായി ചേർന്ന് അവലോകനം നടത്തുകയും ചെയ്യുന്നു.

(3) പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രാമിന്റെ ഭാഗമായുള്ള ഒരു ദിവസത്തെ സംസ്ഥാനതലപരിശീലന പരിപാടിയുടെ ബഡ്ജറ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ആവശ്യമായ തുക | ആകെ തുക |
|---|---|---|---|
| 1 | Honorarium | 6x1500/- = 9000/- | 9000/- |
| 2 | Hall rent/PA System/Projector | 20,000/- | 20,000/- |
| 3 | Stationery | 100x50 = 5000/- | 5000/- |
| 4 | Food | 100x250/- = 25000/- | 25000/- |
| 5 | Accommodation | 60x500/- = 30000/- | 30000/- |
| 6 | Miscellaneous | 10000/- | 10000/- |
| **ആകെ** | | | **99,000/-** |

(4) സംസ്ഥാനത്തെ 6 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളിലെ Developmental delay കണ്ടെത്തുന്നതിനായി ആരോഗ്യവകുപ്പുമായി സംയോജിച്ച് രണ്ടു വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന പരിപാടിയ്ക്കായി ₹99,000/-രൂപ 2025-26

സാമ്പത്തികവർഷത്തെ ICDS@50 യുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ഫണ്ട് പ്രയോറിറ്റ്ടൈസ് ചെയ്തിട്ടുള്ള 2235-02-103-59(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കുന്നതിനു ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം(1) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ 6 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളിലെ Developmental delay കണ്ടെത്തുന്നതിനായി വനിത ശിശു വികസന വകുപ്പ് ആരോഗ്യവകുപ്പുമായി സംയോജിച്ച് രണ്ടു വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് സംസ്ഥാന തല ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിനായി **₹99,000/-** (തൊണ്ണൂറ്റിഒമ്പതിനായിരം രൂപ) രൂപ 2025-26 സാമ്പത്തികവർഷത്തെ ICDS@50 യുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ഫണ്ട് പ്രയോറിറ്റ്ടൈസ് ചെയ്തിട്ടുള്ള 2235-02-103-59(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
Date: 05-02-2026 16:02:52
സെക്ഷൻ ഓഫീസർ